അഡ്വക്കേറ്റ് ജനറൽ ആഫീസിന്റെ കേസ് നടത്തിപ്പ് സംബന്ധിച്ച കോടതി പരാമർശം

30 (35) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വക്കേറ്റ് ജനറൽ ആഫീസിന്റെ കേസ് നടത്തിപ്പിലെ കെടുകാര്യസ്ഥതകൾ സംബന്ധിച്ച് കോടതി നിർദ്ദേശപ്രകാരം ചീഫ് സെക്രട്ടറി അന്വേഷണം നടത്തുകയുണ്ടായോ ;

(ബി) ചീഫ് സെക്രട്ടറി അന്വേഷണം നടത്തി ഹൈക്കോടതി രജിസ്ട്രാർക്ക് കൈമാറിയ റിപ്പോർട്ടിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ ?

ഉത്തരം

(എ) അഡ്വക്കേറ്റ് ജനറൽ ആഫീസിന്റെ കേസ് നടത്തിപ്പിലെ കെടുകാര്യസ്ഥതകൾ സംബന്ധിച്ച് അന്വേഷണം നടത്താൻ കോടതി നിർദ്ദേശിച്ചിട്ടില്ല.

(ബി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

31 (36) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ഏപ്രിൽ മാസത്തിനു ശേഷം കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെയുള്ള എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) എറണാകുളം ജില്ലയിൽ നിന്നുള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത് ഒഴിവാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) ടി ഓഫീസിൽ സമർപ്പിച്ച അപേക്ഷകളിന്മേലുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഫോൺ മുഖാന്തിരം അറിയുന്നതിന് വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യം പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2008 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചു.

(ബി) സ്വീകരിച്ചു വരുന്നു.

(സി&ഡി) നടപടികൾ മെച്ചപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതോടുകൂടി കാര്യങ്ങൾ മെച്ചപ്പെടുന്നതാണ്.

തീരപരിപാലന നിയമം

32 (37) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരപരിപാലനം നിയമമനുസരിച്ച് തീരപ്രദേശങ്ങളിൽ നിർമ്മാണം നിയന്ത്രിച്ചുകൊണ്ടുള്ള വ്യവസ്ഥകളിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) തീരപ്രദേശങ്ങളിൽ നൂറ് ചതുരശ്രമീറ്റർ വരെ വിസ്തൃതിയുള്ള വീടുകൾക്ക് നിർമ്മാണാനുമതി നൽകാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) നിർദ്ദേശം അടങ്ങിയ ഉത്തരവിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(ഡി) തീരപരിപാലന നിയമം നിലവിലുള്ള തീരപ്രദേശങ്ങളിൽ ചെറിയ വീടുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ നൽകിയ ഇളവുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; കേന്ദ്ര ഗവൺമെന്റ് ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇല്ല. ഈ വിഷയത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഇത്തരത്തിൽ ഒരു നിർദ്ദേശം കേരള തീരദേശ പരിപാലന അതോറിറ്റി നൽകിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ചെറിയ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽനിന്ന് പ്രത്യേക ഇളവു നൽകിക്കൊണ്ടുള്ള ഉത്തരവ് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly